# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1931 04.12.2018 ൽ മറുപടിയ്ക്ക്**

## സുരക്ഷാമിത്ര എന്ന വാഹന നിരീക്ഷണ സംവിധാനം

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>,, ജി.എസ്.ജയലാൽ<br>,, ഇ.കെ.വിജയൻ<br>ശ്രീമതി സി.കെ. ആശ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സ്കൂൾ വാഹനങ്ങൾക്ക് തുടർച്ചയായി അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ 'സുരക്ഷാമിത്ര' എന്ന പേരിൽ ഒരു വാഹന നിരീക്ഷണ സംവിധാനം നടപ്പാക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ജി.പി.എസ്. ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന വാഹനങ്ങൾ നിരീക്ഷിക്കുന്നതിനായിട്ടാണ് സുരക്ഷാമിത്ര എന്ന പേരിൽ വാഹന നിരീക്ഷണ സംവിധാനം സി-ഡാക്ക് മുഖേന മോട്ടോർ വാഹന വകുപ്പ് ഒരുക്കിയിരിക്കുന്നത്. മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ സ്ഥാപിച്ചിരിക്കുന്ന കൺട്രോൾ റൂമുകളിൽ ഈ നിരീക്ഷണ സംവിധാനം വഴി ആവശ്യമായ വിവരങ്ങൾ ലഭിക്കുന്നതാണ്. |
| (സി) | വാഹനങ്ങൾക്ക് അപകടം ഉണ്ടാകുന്ന സമയത്ത് ഉൾപ്പടെ ജി.പി.എസ്. സ്ഥാപിക്കുന്നത് കൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (സി) | ഏതെങ്കിലും തരത്തിലുള്ള അത്യാഹിതങ്ങൾ, വാഹന തകരാറുകൾ, ഗതാഗത തടസ്സങ്ങൾ , അമിത വേഗത, അപകടകരമായ ഡ്രൈവിംഗ്, സ്കൂൾ കുട്ടികൾ പ്രത്യേകിച്ച് വിദ്യാർത്ഥിനികൾക്കും സ്ത്രീകൾക്കും നേരെ ഉണ്ടാകുന്ന ഉപദ്രവങ്ങൾ എന്നിവയ്ക്കെതിരെ പ്രതികരിച്ചുകൊണ്ട് അപായ സന്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം (Panic button) ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സന്ദേശങ്ങൾ ആട്ടോമാറ്റിക്കായി എല്ലാ കൺട്രോൾ റൂമുകളിലും, എസ്.എം.എസ്. വഴി വാഹന ഉടമ, സ്കൂൾ അധികൃതർ, സ്ഥാപന അധികൃതർ, രക്ഷിതാ ക്കൾ, എൻഫോഴ്സ്മെന്റ് ഏജൻസികൾ എന്നിവർക്ക് ലഭിക്കുന്നതാണ്. ഉപകരണങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന Tilt Sensor കൾ വഴി വാഹനങ്ങൾ 40 ഡിഗ്രിയിലധികം ചരിഞ്ഞാലുടൻ അടിയന്തിര അപായ സന്ദേശങ്ങൾ കൺട്രോൾ റൂമുകളിൽ ആട്ടോമാറ്റിക്കായി ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ജി.പി.എസ്. വിവരങ്ങൾ നിരീക്ഷിക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും ഒരുക്കിയിരിക്കുന്ന സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ഡി) | ജി.പി.എസ്. വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ ഹെഡ് ഓഫീസിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും, 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ മിനി കൺട്രോൾ റൂമുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സുരക്ഷാമിത്ര എന്ന സംവിധാനത്തിൽ ആവശ്യമായ പരിശീലനം സി -ഡാക് മുഖേന നൽകിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ഏജൻസികൾ, വാഹന ഉടമ, സ്കൂൾ അധികൃതർ, സ്ഥാപന അധികൃതർ, രക്ഷിതാക്കൾ എന്നിവർക്ക് വാഹനത്തിന്റെ സഞ്ചാരപഥം, വേഗത, സമയം തുടങ്ങിയവ ഈ സംവിധാനത്തിൽ നിരീക്ഷിക്കുവാനും സാധിക്കും |

സെക്ഷൻ ഓഫീസർ